**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1702** **11-10-2024 - ൽ മറുപടിയ്ക്ക്**

**നാലുവർഷ ബിരുദ കോഴ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | 2024-25 അക്കാദമിക വർഷത്തിൽ സംസ്ഥാനത്തെ ഏതൊക്കെ യൂണിവേഴ്സിറ്റികളിലാണ് നാലുവർഷ ബിരുദ കോഴ്സുകൾ നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | കേരള സർവ്വകലാശാല, മഹാത്മാഗാന്ധി സർവ്വകാലാശാല, കാലിക്കറ്റ് സർവ്വകലാശാല, കണ്ണൂർ സർവ്വകലാ ശാല, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല, ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല എന്നീ സർവ്വകലാശാലകളിലാണ് 2024-25 അക്കാദമിക വർഷത്തിൽ നാലുവർഷ ബിരുദ കോഴ്സുകൾ നടപ്പിലാക്കിയിട്ടുള്ളത്. |
| (ബി) | നാലുവർഷ ബിരുദ കോഴ്സുകൾ നടപ്പിലാക്കുക വഴി വിദ്യാർത്ഥികൾക്ക് എന്തൊക്കെ നേട്ടങ്ങളാണ് ലഭ്യമാക്കാൻ കഴിയുക എന്ന് വിശദമാക്കാമോ? | (ബി) | വിദേശ രാജ്യങ്ങളിലേതുപോലെ പൂർണ്ണമായും ക്രെഡിറ്റ് അടിസ്ഥാനമാക്കി ഓരോ വിദ്യാർത്ഥിക്കും സ്വന്തം അഭിരുചികളും ലക്ഷ്യങ്ങളും അനുസരിച്ച് അക്കാദമിക് അഡ്വൈസറുടെ സഹായത്തോടെ സ്വന്തം കഴിവുകൾ വികസിപ്പിക്കാനും പ്രൊഫഷണൽ ലക്ഷ്യങ്ങൾക്ക് സഹായകരമാവും വിധം വിവിധ വിഷയങ്ങളുടെ കോമ്പിനേഷൻ തെരഞ്ഞെടുത്ത് തന്റെ ബിരുദ ഘടന രൂപകല്പന ചെയ്യാനുമുള്ള തരത്തിലാണ് കരിക്കുലം കമ്മിറ്റി നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ കരിക്കുലം രൂപകല്പന ചെയ്തിരിക്കുന്നത്. ക്രെഡിറ്റിനെ വ്യക്തമായി നിർവചിച്ചുകൊണ്ടാണ് നാലുവർഷ ബിരുദ കരിക്കുലം രൂപകല്പന ചെയ്തിരിക്കുന്നത്. അതുകൊണ്ട് തന്നെ നമ്മുടെ ക്രെഡിറ്റുകൾക്ക് ലോകത്തെ പ്രധാനപ്പെട്ട ക്രെഡിറ്റ് ട്രാൻസ്ഫർ സംവിധാനങ്ങളായ യൂറോപ്യൻ ക്രെഡിറ്റ് ട്രാൻസ്ഫർ സിസ്റ്റം (ECTS) ആയിട്ടും അമേരിക്കൻ ക്രെഡിറ്റ് ട്രാൻസ്ഫർ സംവിധാനമായിട്ടും ക്രെഡിററ് കൈമാറ്റം സാധ്യമാകും. നമ്മുടെ ബിരുദങ്ങൾക്കും ഇൻറർ നാഷണൽ കോമ്പാറ്റബിലിറ്റി നേടാൻ ഈ സംവിധാനം സഹായകരമാവുകയും ചെയ്യും. നാലുവർഷ ബിരുദ പ്രോഗ്രാമിന്റെ ഭാഗമായി ഉന്നത വിദ്യാഭ്യാസത്തിലേക്ക് നൈപുണീയത സമന്വയിപ്പിക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി വിദ്യാർത്ഥികൾക്ക് ഹ്രസ്വകാല വ്യവസായ |

| | | | |
|---|---|---|---|
| | | | സംബന്ധിയായ കോഴ്സുകൾ പഠിക്കുന്നതിനുള്ള അവസരം ഒരുക്കിയിട്ടുണ്ട്. ഇത്തരത്തിൽ പഠിക്കുന്ന തൊഴിൽ സാധ്യതയുള്ള കോഴ്സുകൾ മൈനർ പാത്ത് വേയുടെ ഭാഗമാക്കാനും സാധിക്കും. സ്കിൽ കോഴ്സുകൾ പ്രദാനം ചെയ്യുന്നതിന് അസാപ് കേരള, കെൽട്രോൺ, IHRD, CCEK, ICT അക്കാഡമി ഓഫ് കേരള എന്നീ സ്ഥാപനങ്ങളുടെ കോഴ്സുകൾക്ക് സംസ്ഥാന സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. പഠിക്കുന്ന കോളേജിൽ അത്തരം കോഴ്സുകൾ ലഭ്യമല്ലെങ്കിൽ മറ്റ് അംഗീകൃത സ്ഥാപനങ്ങളുടെ നൈപുണ്യ വികസന കേന്ദ്രങ്ങളിൽ നിന്ന് നേരിട്ടോ ഓൺലൈനായോ വിദ്യാർത്ഥിക്ക് വൊക്കേഷണൽ കോഴ്സുകൾ തിരഞ്ഞെടുത്ത് പഠിക്കാം.<br><br>നാലുവർഷ ബിരുദ പദ്ധതിയിലൂടെ വിദ്യാർത്ഥികൾക്ക് ഗവേഷണ രംഗത്ത് കടന്നുവരാനുള്ള ബി.എ./ ബി.എസ്.സി. (ഓണേഴ്സ് വിത്ത് റിസർച്ച്) എന്നീ പഠന പന്ഥാവുകൾ (path ways) ലഭ്യമാണ്. നാലുവർഷ ബിരുദം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് ഒരു വർഷ പഠനം കൊണ്ട് പി.ജി. വിദ്യാഭ്യാസം പൂർത്തിയാക്കാൻ കഴിയും. FYUGP ലെ മൈനർ കോഴ്സുകൾ മുഖ്യവിഷയമായെടുത്ത വിദ്യാർത്ഥികൾക്ക് പി.ജി. പ്രോഗ്രാമുകൾ ചെയ്യാനുള്ള സ്വാതന്ത്ര്യമുണ്ട്. നാലുവർഷ ബിരുദം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് UGC-PhD-NET പരീക്ഷ എഴുതാനുള്ള അനുമതി യു.ജി.സി നൽകിയിട്ടുണ്ട്. നാലുവർഷ ബിരുദ പ്രോഗ്രാം പൂർത്തിയാക്കിയ എല്ലാവർക്കും നേരിട്ട് നിബന്ധനകൾക്ക് വിധേയമായി പി.എച്ച്.ഡി ഗവേഷണത്തിന് പ്രവേശനം ലഭിക്കുന്നു. |

സെക്ഷൻ ഓഫീസർ